ളവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 99-2000-ാ മാണ്ടിൽ തൃശ്ശൂർ ജില്ലയുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

8 (*303) കുട്ടികളിൽ കണ്ടുവരുന്ന ഹൃദ്രോഗങ്ങൾ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാരാഘവൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിൽ എന്തെല്ലാം ഹൃദ്രോഗങ്ങളാണ് കണ്ടുവരുന്നത്;

(ബി) കുട്ടികളുടെ ഹൃദയരോഗങ്ങളെപ്പറ്റി അവബോധം ഉണ്ടാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) കുട്ടികളുടെ ഹൃദയ രോഗചികിൽസയ്ക്ക് സംസ്ഥാനത്ത് എവിടെയെല്ലാം സൗകര്യമുണ്ട്;

(ഡി) ഇതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളെത്തിട്ടുണ്ട്?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) കുട്ടികളിൽ രണ്ടുതരത്തിലുള്ള ഹൃദ്രോഗങ്ങളാണ് കണ്ടുവരുന്നത്.

1. ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ.

2. പിന്നീടുണ്ടാകുന്ന ഹൃദയവൈകല്യങ്ങൾ.

ഉദാ:- വാതപ്പനിമൂലമുണ്ടാകുന്ന വാൽവ്രോഗം ഹൃദയപേശികൾക്കുണ്ടാകുന്ന അസുഖങ്ങൾ.

(ബി) ഗർഭിണിയായിരിക്കുമ്പോൾ ആദ്യത്തെ മൂന്നു മാസങ്ങളിൽ അമ്മയ്ക്കുണ്ടാകുന്ന രോഗബാധകൾ, ഡോക്ടർമാരുടെ മേൽനോട്ടത്തിലല്ലാതെയും അനാവശ്യമായും കഴിക്കുന്ന മരുന്നുകൾ ഇവ ഹൃദയവൈകല്യങ്ങൾക്കു കാരണമായേക്കാം എന്നുള്ളതുകൊണ്ട് ഇതേക്കുറിച്ച് അവബോധം വളർത്തുവാനും അമ്മമാരെ ബോധവൽക്കരിക്കാനും ഉള്ള സംവിധാനം നിലവിലുണ്ട്. ആരോഗ്യ വിദ്യാഭ്യാസപരിപാടിയുടെ ഭാഗമായി ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, റേഡിയോ പ്രഭാഷണങ്ങൾ ഇവയിലൂടെയും അമ്മമാർക്കായി നടത്തുന്ന പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും ഈ രണ്ട് പ്രധാന പ്രശ്നങ്ങളെക്കുറിച്ചു ഉള്ള അവബോധം വളർത്തുന്നുണ്ട്. ശിശുരോഗവിദഗ്ദ്ധർക്കായി 98 മുതൽ തുടർവിദ്യാഭ്യാസപരിപാടിയും നടത്തുന്നുണ്ട്.

(സി) ഗവൺമെന്റിന്റെ കീഴിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും, തിരുവന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലും സൗകര്യങ്ങളുണ്ട്. കൂടാതെ വളരെ സങ്കീർണ്ണമായതോ ഓപ്പറേഷൻ ആവശ്യമുള്ളതോ അല്ലാത്ത മറ്റു കേസ്സുകൾ ഒരു ശിശുരോഗവിദഗ്ദ്ധന് കൈകാര്യം ചെയ്യുവാൻ കഴിയുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതുകൊണ്ട് അങ്ങനെയുള്ള കേസ്സുകൾ ജില്ലാ-താലൂക്ക് ആശുപത്രിക്കും കൈകാര്യം ചെയ്യുന്നുണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എസ്.എ.ടി.ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗം 1998ൽ ആരംഭിച്ചു. മറ്റുള്ള ആശുപത്രികളിൽ ധനലഭ്യതയ്ക്ക് വിധേയമായി മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

9 (*304) മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ നൗഷാദ് :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമവും ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദവുമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(സി) ബോർഡിന്റെ പ്രവർത്തനം വികേന്ദ്രീകരിക്കേണ്ടതുണ്ടെന്നു കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും നദികളിലെ മലിനീകരണപ്രശ്നങ്ങൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നദികളിലെ മലീനീകരണ നിവാരണ പ്രവർത്തനങ്ങൾക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് പമ്പാനദിയും പരിസരപ്രദേശവും മലിനപ്പെടുന്നത് തടയാനും പരിസരശുചിത്വം ഉറപ്പുവരുത്തുവാനും ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്)

(എ) ഉണ്ട്.

(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാങ്കേതിക വൈദഗ്ധ്യവും പ്രവർത്തനശേഷിയും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരും, നെതർലാന്റ് സർക്കാരും തമ്മിലുള്ള ഉഭയകക്ഷി കരാർ പ്രകാരമുള്ള പദ്ധതിയുടെ ഭാഗമായി ബോർഡിൽ നടപ്പിലാക്കി. ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി ഹെഡ്ഓഫീസിനു പുറമേ 9 ജില്ലകളിൽ ആഫീസും, ലബോറട്ടറിയും ഉണ്ട്. മേൽപ്പറഞ്ഞ ഇൻഡോ ഡച്ച് പദ്ധതി പ്രകാരം മറ്റു ജില്ലകളിലും ബോർഡിന്റെ ഓഫീസും ലബോറട്ടറികളും ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) ഉണ്ട്. ബോർഡിന്റെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കുന്നതിനായി ബോർഡിന്റെ ജില്ല/മേഖലഓഫീസുകൾക്ക് കൂടുതൽ അധികാരം കൈമാറിയിട്ടുണ്ട്. ബോർഡിന്റെ നിർദ്ദേശങ്ങൾ ലംഘിക്കുന്ന വ്യവസാ

LIBRARY ARCHIVES Kerala Legislative Assembly